Draft #5 of File 8503/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 18-Oct-2019 02:55 PM - Page 1

150 YEARS OF CELEBRATING THE MAHATMA

MAHATMA GANDHI UNIVERSITY KOTTAYAM

विद्यया अमृतमश्नुते

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നമ്പർ. 8503/AD A3/4/ADMIN/ADMIN തീയതി: 18.10.2019

പ്രിയദർശിനി ഹിൽസ്

**<u>സർക്കുലർ</u>**

വിഷയം:- നിയമസഭാ ഉപതെരഞ്ഞെടുപ്പ് നടക്കുന്ന ദിവസം (21.10.2019) മഞ്ചേശ്വരം, എറണാകുളം, അരൂർ, കോന്നി, വട്ടിയൂർക്കാവ് എന്നീ മണ്ഡലങ്ങളിലെ വോട്ടർമാരായ താൽക്കാലിക ജീവനക്കാർ ഉൾപ്പെടെയുള്ള സർവകലാശാല ജീവനക്കാർക്ക് അവധി അനുവദിച്ചത് - സംബന്ധിച്ച്.

സൂചന :- ഉന്നത വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ 09.10.2019 ലെ K1/201/19/HEdn നമ്പർ കത്ത്

മേൽ സൂചന പ്രകാരം മഞ്ചേശ്വരം, എറണാകുളം, അരൂർ, കോന്നി, വട്ടിയൂർക്കാവ് നിയമസഭാ മണ്ഡലങ്ങളിലേക്കുള്ള ഉപതെരഞ്ഞെടുപ്പ് നടക്കുന്ന ദിവസം (21.10.2019) പ്രസ്തുത മണ്ഡലങ്ങളുടെ പരിധിയിൽ വരുന്ന എല്ലാ പൊതു സ്ഥാപനങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും വ്യാപാരസ്ഥാപനങ്ങൾക്കും സർക്കാർ പൊതു അവധി പ്രഖ്യാപിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത മണ്ഡലങ്ങളിൽ താമസിക്കുന്നവരും അവിടുത്തെ വോട്ടർ ആയി രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ കാഷ്വൽ വർക്കേഴ്സ് ഉൾപ്പെടെയുള്ള എല്ലാ ജീവനക്കാർക്കും (അവർ ടി മണ്ഡലത്തിന്റെ പരിധിക്ക് പുറത്തുള്ള സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്നവരാണെങ്കിലും) അന്നേ ദിവസം വേതനത്തോടു കൂടിയ അവധി നൽകേണ്ടതാണെന്നും അറിയിച്ചിരിക്കുന്നു.

ഇതിന്റെ അടിസ്ഥാനത്തിൽ മഞ്ചേശ്വരം, എറണാകുളം, അരൂർ, കോന്നി, വട്ടിയൂർക്കാവ് എന്നീ നിയമസഭാ മണ്ഡലങ്ങളിലൊന്നിൽ താമസിക്കുന്നവരും അവിടുത്തെ വോട്ടർ ആയി രജിസ്റ്റർ ചെയ്തിട്ടുള്ളവരുമായ കാഷ്വൽ വർക്കേഴ്സ് ഉൾപ്പടെയുള്ള മഹാത്മാ ഗാന്ധി സർവകലാശാല ജീവനക്കാർക്ക് വോട്ടെടുപ്പ് ദിനമായ 21.10.2019 ന് ശമ്പളത്തോടു/ വേതനത്തോട് കൂടിയുള്ള അവധി അനുവദിച്ചുകൊണ്ട് വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു.

**പ്രേംകുമാർ ആർ**
അസിസ്റ്റന്റ് രജിസ്ട്രാർ 1 (ഭരണ വിഭാഗം)

സ്വീകർത്താവ്

1. എല്ലാ വിഭാഗങ്ങൾക്കും ഡിപ്പാർട്ടുമെന്റുകൾക്കും സെന്ററുകൾക്കും
2. വി.സി./പി.വി.സി. എന്നിവരുടെ പ്രൈവറ്റ് സെക്രട്ടറിമാർ.
3. രജിസ്ട്രാർ /എഫ്.ഒ /സി.ഇ എന്നിവരുടെ പേർസണൽ അസ്സിസ്റ്റന്റുമാർ.
4. ജോയിന്റ് ഡയറക്ടർ ,കെ.എസ്.എ.ഡി., എം.ജി.യു./എസ്റ്റേറ്റ് ഓഫീസർ
5. എ.ആർ/ഡി.ആർ./ജെ.ആർ (ഭരണം/അക്കാഡമിക്/പരീക്ഷ/ഫിനാൻസ്)
6. എ ഡി.സി.1/2/3/ഐ.ക്യു.എ.സി.
7. പി.ആർ.ഒ /സിറ്റാഡ്/സി.എം.എസ് (വെബ്സൈറ്റിൽ അപ്‌ലോഡ് ചെയ്യുന്നതിനായി).
8. എഫ്.സി.സി./എ.സി.സി.1/2/ഫിനാൻസ് 1/4/ ഓഡിറ്റ് 1/5
9. സ്റ്റോക്ക് ഫയൽ / റെക്കോർഡ്സ് സെക്ഷൻ/ ഫയൽ കോപ്പി/നോട്ടീസ് ബോർഡ്.

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം

Draft #5 of File 8503/AD A3/4/2019/ADMIN Approved by ASSISTANT REGISTRAR I (ADMIN) on 18-Oct-2019 02:55 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം